**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ.സജി ലൂയിസിന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് പെരിന്തൽമണ്ണയിലുള്ള മൗലാനാ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.**1964/2016/**തസ്വഭവ. തീയതി, തിരുവനന്തപുരം,**21/06/2015**

---

പരാമർശം : 1) 11/07/2012 ലെ 26423/G2/12/H&FWD നമ്പർ സർക്കുലർ

**2)** ശ്രീ.സജി ലൂയിസിന്റെ 04/03/2013 ലെ അപേക്ഷ.

**3)** അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 28/02/2013 ലെ 13 -ാം നമ്പർ തീരുമാനം.

**4)** പഞ്ചായത്ത് ഡയറക്ടറുടെ 30/12/2015 ലെ എഫ്2-11889/13 നമ്പർ കത്ത്.

**5)** ആരോഗ്യവകുപ്പ് ഡയറക്ടറുടെ 02.12.2015-ലെ MH5-60502/15/DHS നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ.സജി ലൂയിസിന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് പെരിന്തൽമണ്ണയിലുള്ള മൗലാനാ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം 5 ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,32,980/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 1,06,385/- രൂപ (ഒരു ലക്ഷത്തി ആറായിരത്തി മുന്നൂറ്റി എൺപത്തി അഞ്ച് രൂപാ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുക അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത, എന്നിവ ഉറപ്പുവരുത്തി ശ്രീ.സജി ലൂയിസിന്റെ ഹൃദയസംബന്ധമായ അസുഖത്തിന് പെരിന്തൽമണ്ണയിലുള്ള മൗലാനാ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമാണെന്നു സാക്ഷ്യപ്പെടുത്തിയ 1,32,980/-രൂപയുടെ 80% ആയ 1,06,385/- രൂപ (ഒരു ലക്ഷത്തി ആറായിരത്തി മുന്നൂറ്റി എൺപത്തി അഞ്ച് രൂപാ മാത്രം) അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സൂസൻ ഗോപി**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം. മെഡിക്കൽ ബില്ലുകളും അനുബന്ധങ്ങളും
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
സെക്രട്ടറി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്
ശ്രീ.സജി ലൂയിസ്, ഫുൾടൈം സ്വീപ്പർ, അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത്, മലപ്പുറം (അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.( ഫയൽ നം .241/ഇപിഎ 3/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ